ഇക്കോ ടൂറിസം പദ്ധതി

11 (T*221) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) ഇക്കോ ടൂറിസം പദ്ധതിക്കായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഉണ്ട്.

(ബി) ഇക്കോടൂറിസം കേന്ദ്രങ്ങൾ ഏറിയ പങ്കും വനപ്രദേശങ്ങളിലായതിനാൽ പൊതുടൂറിസം കേന്ദ്രങ്ങളിൽനിന്നും ഭിന്നമായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എല്ലാംതന്നെ പ്രദേശത്തിന്റെ സ്വഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദസഞ്ചാര പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചുവരുന്നത്. ട്രക്കിംഗ്, ബോട്ടിംഗ്, അക്വേറിയം, ഇന്റർപ്രട്ടേഷൻ സെന്റർ, വ്യൂപോയിന്റ്, തൂക്കുപാലം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, ടോയ് ലറ്റ് സൗകര്യം, കാടുമായുള്ള അടുത്തിടപഴകൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. പരിസ്ഥിതിയെ ഒട്ടുംതന്നെ ദോഷകരമായി ബാധിക്കാത്തതരത്തിൽ വാഹകശേഷി അനുസരിച്ചാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം ആസ്വദിക്കാനാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എത്തുന്നത്. ആകയാൽ പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഈ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത്. വനാധിഷ്ഠിത സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും അവരുടെ സാമ്പത്തികാഭിവൃത്തിയും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

(സി) വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ടൂറിസം വകുപ്പ്.

(ഡി) വനമേഖലയിലുള്ള പ്രകൃതി രമണീയമായ സ്ഥലങ്ങളാണ് വിവിധ ഇക്കോടൂറിസം പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കുന്നത്. സഞ്ചാരികൾക്ക് തടസ്സം കൂടാതെ എത്തിച്ചേരാനുള്ള സൗകര്യം കണക്കിലെടുത്ത് പ്രകൃതിയുടെ ആവാസ വ്യവസ്ഥയെ പ്രത്യക്ഷമായോ, പരോക്ഷമായോ ക്ഷതമേൽപ്പിക്കാൻ സാധ്യതയില്ലാത്ത സ്ഥലങ്ങൾ മാത്രമാണ് ഇക്കോടൂറിസം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. അതുപോലെതന്നെ വനാധിഷ്ഠിത സമൂഹത്തിന് പ്രയോജനം ലഭിക്കത്തക്കവിധം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സ്ഥലങ്ങളും പരിഗണിക്കപ്പെടുന്നു.

ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടം

12 (*222) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടവും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly